# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1397 04/02/2019 ൽ മറുപടിക്ക്

## സർവ്വെ നടപടികൾ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ

**ചോദ്യം**
ശ്രീ.കോവൂർ കുഞ്ഞുമോൻ

**മറുപടി**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കുന്നത്തൂർ നിയോജകമണ്ഡലത്തിലെ നിരവധി കിഫ്ബി പദ്ധതികൾ സർവ്വെ നടപടികൾ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രത്യേക സർവ്വെ ടീമിനെ പ്രസ്തുത പദ്ധതി നിർവഹണത്തിനായി നിയമിക്കുമോ; | (എ) | കുന്നത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ നടന്നുവരുന്നു. നിലവിൽ 4 സർവ്വെയർമാരെ പ്രസ്തുത സർവ്വെ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) | 62.53 കോടി രൂപയുടെ കിഫ്ബി പദ്ധതിയായ വെറ്റമുക്ക്-താമരക്കുളം റോഡിന്റെ സർവ്വെ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | വെറ്റമുക്ക് - താമരക്കുളം റോഡിന്റെ 70% ത്തോളം സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും ശേഷിക്കുന്ന ഭാഗത്തെ ജോലികൾ പുരോഗതിയിലുമാണ്. |
| (സി) | ഇപ്രകാരം 4 മണ്ഡലങ്ങളിലെ സർവ്വെ നടപടികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രത്യേക സർവ്വെ ടീമിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) | കൊല്ലം ജില്ലയിലെ 6 താലൂക്കുകളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾ ഉണ്ടായിരുന്നതിൽ കൊട്ടാരക്കര താലൂക്കിലെ 90% ഉം, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിൽ 40%ഉം, കൊല്ലം താലൂക്കിൽ 70% ഉം, പുനലൂർ താലൂക്കിൽ മലയോര ഹൈവേ ഒഴികെയുള്ളതിന്റെ 80% ഉം, പത്തനാപുരം താലൂക്കിലെ 80% ത്തിലധികവും സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും, കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വെ |

| | | | |
|---|---|---|---|
| | | | ജോലികൾക്കായി പ്രത്യേക സർവ്വെയർമാരെ നിയോഗിച്ച് സർവ്വെ നടപടികൾ തുടർന്ന് വരുന്നതുമാണ്. |
| (ഡി) | സർവ്വെ വകുപ്പിലെ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവേയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ കൂടാതെ ഭൂപരിപാലനം (എൽ.ആർ.എം), ലാൻഡ് അക്വിസിഷൻ, പട്ടയം തുടങ്ങിയ ഭൂമി സംബന്ധമായ എല്ലാ വിധ സർവ്വെ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരെ സർവ്വെ വകുപ്പിൽ നിന്നാണ് നിയോഗിക്കുന്നത്. ഇത്തരം സർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമാണ്. സർവ്വെയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ